## കോർപ്പറേഷൻ നഗരസഭ ഉപതെരഞ്ഞെടുപ്പുകളുടെ വിശദാംശങ്ങൾ

115 (3018) ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പറേഷൻ, നഗരസഭ എന്നിവിടങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഓരോ പാർട്ടിക്കും ലഭിച്ച സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2 കോർപ്പറേഷൻ വാർഡുകളിലും 17 മുനിസിപ്പാലിറ്റി വാർഡുകളിലും ഉൾപ്പെടെ 19 വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിവരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വഴിയോര കച്ചവടത്തിന് നിയന്ത്രണം

116 (T3019) ശ്രീ എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോര കച്ചവടത്തിന് നിയന്ത്രണമേർപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) വഴിയോര കച്ചവടത്തിന് രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 30-4-2011-ൽ സ.ഉ.(എം.എസ്) നമ്പർ 90/2011/തസ്വഭവ നമ്പർ പ്രകാരം ദേശീയനയത്തിന് അനുസൃതമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) ഇല്ല.

(സി) ഉണ്ട്. ജില്ലതിരിച്ചുള്ള കണക്കിന്റെ വിശദമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly